**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **12-02-2025 - ൽ മറുപടിയ്ക്ക്**

**വെള്ളോറ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുന്നതിനായി ഭരണാനുമതി ലഭിച്ച പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്പോസിറ്റ് വർക്ക് എന്ന രീതിയിൽ പ്രസ്തുത തുക പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും BAMS-ലെ സാമ്പത്തിക നിയന്ത്രണം കാരണം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിനു പകരം നിലവിലെ വ്യവസ്ഥകൾ പാലിച്ച്, പ്രസ്തുത കെട്ടിടനിർമ്മാണം ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തി വേഗത്തിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 'എ' പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ